നം.1178/ഇ2/2010/കെഎസ്എച്ച്ഒ 31/08/2019

# കുടുംബശ്രീ ആന്തരിക തസ്തികമാറ്റം (കരാർ) വഴിയുള്ള നിയമനം

## വിജ്ഞാപനം - 1 (Code :SPM IB&CB)

കുടുംബശ്രീ മിഷന്റെ ഭാഗമായി നിലവിൽ പ്രവർത്തിച്ചു വരുന്ന, നിശ്ചിത യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള കരാർ ജീവനക്കാരിൽ നിന്നും **സംസ്ഥാന മിഷനിലെ** ഒഴിവുള്ള തസ്തികയിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

1. **തസ്തിക** : പ്രോഗ്രാം മാനേജർ (ഇൻസ്റ്റിസ്റ്റ്യൂഷൻ ബിൽഡിംഗ് & കപ്പാസിറ്റി ബിൽഡിംഗ്) (ഐ.ബി&സിബി)

2. **ഒഴിവ്** : 1 (സംസ്ഥാന മിഷൻ)

3. **നിയമന രീതി** : കരാർ നിയമനം (കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ 31/03/2020 വരെയായിരിക്കും കരാർ കാലാവധി)

4. **വിദ്യാഭ്യാസ യോഗ്യത** : അംഗീകൃത സർവ്വകലാശാലയിൽ നിന്നുമുള്ള എം.എസ്.ഡബ്ല്യൂ/എം.ബി.എ ബിരുദം അല്ലെങ്കിൽ **റൂറൽ ഡെവലപ്പ്മെന്റിൽ ബിരുദാനന്തര ബിരുദം** അല്ലെങ്കിൽ **PGDM** അല്ലെങ്കിൽ **PGDRM**

5. **പ്രായപരിധി** : 31/08/2019 ന് 45 വയസ്സിൽ കൂടാൻ പാടുള്ളതല്ല

6. **പ്രവൃത്തിപരിചയം**

   1. കുടുംബശ്രീ മിഷനിൽ നിലവിൽ കരാർ വ്യവസ്ഥയിൽ ജോലിചെയ്യുന്നവരായിരിക്കണം. ആകെ 7 വർഷത്തെ പ്രവൃത്തിപരിചയം നിർബന്ധമാണ്. ഇതിൽ, കുടുംബശ്രീ മിഷനിൽ ജില്ലാ പ്രോഗ്രാം മാനേജർ, സ്റ്റേറ്റ് അസി. പ്രോഗ്രാം മാനേജർ, സിറ്റി മിഷൻ മാനേജർ തസ്തികയിലോ, തതുല്യമായതോ അതിനു മുകളിലോ ഉള്ള തസ്തികകളിൽ 31/08/2019 ന് ചുരുങ്ങിയത് 5 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. ബാക്കിയുള്ള 2 വർഷത്തെ പ്രവൃത്തിപരിചയം സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ആകുന്നതും സമാനമേഖലകളിൽ ആകുന്നതും അഭികാമ്യം.
   2. ഇൻസ്റ്റിസ്റ്റ്യൂഷൻ ബിൽഡിംഗ് & കപ്പാസിറ്റി ബിൽഡിംഗ് മേഖലയിലോ, സംഘടന, ട്രെയിനിംഗ്, മൈക്രോ ഫിനാൻസ് മേഖലകളിലോ നിന്നുള്ള പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന.

7. **വേതനം** : 60,000 രൂപ പ്രതിമാസം.

8. **ജോലിയുടെ സ്വഭാവം**

1. കുടുംബശ്രീ മിഷനിലെ ഇൻസ്റ്റിസ്റ്റ്യൂഷൻ ബിൽഡിംഗ് & കപ്പാസിറ്റി ബിൽഡിംഗ്, ട്രെയിനിംഗ്, സംഘടനാ ശാക്തീകരണം തുടങ്ങിയ മുഴുവൻ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുക, നൂതനാശയങ്ങൾ വികസിപ്പിക്കുക, പദ്ധതി ആസൂത്രണം, പോളിസിതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
2. സംസ്ഥാനത്തിനകത്തും, പുറത്തുമായി ഫീൽഡ്തല പ്രവർത്തനങ്ങൾ
3. അപേക്ഷാർത്ഥികൾ 2000 രൂപ പരീക്ഷാഫീസായി അടയ്ക്കേണ്ടതാണ്.

9. **അപേക്ഷ സമർപ്പിക്കേണ്ട രീതി**

1. അപേക്ഷ നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
2. നിയമനം സംബന്ധിച്ച നടപടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.

10. **നിയമനപ്രക്രിയ**

1. സമർപ്പിക്കപ്പെട്ട ബയോഡേറ്റകളും, പ്രവൃത്തിപരിചയവും വിശദമായി പരിശോധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം സി.എം.ഡി.ക്കുണ്ടായിരിക്കും.
2. ഉദ്യോഗാർത്ഥികളുടെ ബയോഡാറ്റ സ്ക്രീനിംഗ് നടത്തി യോഗ്യതയും, പ്രവൃത്തിപരിചയവും പരിഗണിച്ച് യോഗ്യരായവരെ അഭിമുഖത്തിനു വിളിച്ച് അവരിൽ നിന്നും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കും. ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ എഴുത്തു പരീക്ഷയും, ഇന്റർവ്യൂവുമോ അല്ലെങ്കിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റും ഇന്റർവ്യൂവുമോ ഏതാണ് അനുയോജ്യമായത് ആ രീതിയിൽ നിയമനപ്രക്രിയ നടത്തുന്നതിന് സി.എം.ഡി.ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
3. അപേക്ഷക(ൻ) പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

11. **അപേക്ഷകൾ <u>www.cmdkerala.net</u> എന്ന വെബ്സൈറ്റിലൂടെ Online – ആയി സമർപ്പിക്കേണ്ടതാണ്.**

12. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി** : 20/09/2019, വൈകുന്നേരം 5 മണി

**13. മറ്റു നിബന്ധനകൾ**

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷനുകളിലോ, സംസ്ഥാന മിഷനിലോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ, Online- അല്ലാതെ ലഭിക്കുന്ന അപേക്ഷകളും, യഥാസമയം ലഭിക്കാത്ത അപേക്ഷകളും, അംഗീകരിച്ച യോഗ്യതകൾ ഇല്ലാത്തതതുമായ അപേക്ഷകളും പരിഗണിക്കുന്നതല്ല.
2. പരീക്ഷാ ഫീസ് അപേക്ഷയോടൊപ്പം Online- ആയി അടയ്ക്കാവുന്നതാണ്.
3. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർഥി യഥാസമയം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, ടി നിയമനം റദ്ദാകുന്നതും, ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.
4. റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ 1 വർഷമായിരിക്കും.
5. ഒഴിവുകളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായേക്കാം.
6. പ്രസ്തുത തസ്തികയിലേയ്ക്ക് ആവശ്യപ്പെട്ട പ്രവൃത്തിപരിചയം നിയമനം ലഭിക്കുന്നതിനുള്ള നിബന്ധന മാത്രമാണ്. പുതിയ തസ്തികയിൽ പ്രവേശിച്ചുകഴിഞ്ഞാൽ പ്രസ്തുത പ്രവൃത്തിപരിചയം ടി തസ്തികയുടെ വേതന വർദ്ധനവിനോ മറ്റ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ